ബാറിൽ വച്ച് യുവാവിൻറെ സ്വർണ്ണമാല കവർന്ന കേസിലെ പ്രതികൾ അറസ്റ്റിൽ. മുളന്തുരുത്തി കാരിക്കോട് പേയ്ക്കൽ വീട്ടിൽ സാജൻ (44) മുളന്തുരുത്തി കണ്ടൻ ചിറയിൽ വീട്ടിൽ വിനോദ് (40 )എന്നിവരെയാണ് മുളന്തുരുത്തി പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 22 ന് വൈകിട്ട് മുളന്തുരുത്തിയിലെ പോളക്കുളത്ത് ബാറിലെത്തിയ യുവാവിനെ മർദ്ദിച്ച ശേഷം മാല പൊട്ടിച്ചെടുക്കുകയായിരുന്നു.